**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **08-10-2021 - ൽ മറുപടിയ്ക്ക്**

**ആത്മഹത്യകൾ നിയന്ത്രിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആത്മഹത്യ പ്രവണതയുള്ളവരെ ജീവിത യാഥാർത്ഥ്യങ്ങൾ ബോധ്യപ്പെടുത്താനും ആത്മഹത്യകൾ നിയന്ത്രിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (എ) | ആത്മഹത്യ പ്രവണതയുള്ളവരെ ജീവിത യാഥാർത്ഥ്യങ്ങൾ ബോധ്യപ്പെടുത്താനും ആത്മഹത്യകൾ നിയന്ത്രിയ്ക്കുന്നതിനു മായി സാമൂഹ്യനീതി വകുപ്പ് കോഴിക്കോട് IMHANS ന്റെ സഹകരണത്തോടെ 24 മണിയ്ക്കൂറും പ്രവർത്തിയ്ക്കുന്ന ഒരു ഹെൽപ്പ് ലൈൻ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പെട്ടെന്നുള്ളതും ഫലപ്രദവുമായ ശാസ്ത്രീയ ഇടപെടലിലൂടെ ആത്മഹത്യകളുടെ തോത് കുറയ്ക്കുകയെന്നതാണ് ഈ പ്രോജക്റ്റിന്റെ ആത്യന്തിക ലക്ഷ്യം. സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വ്യക്തികളിൽ ലിംഗ മാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ടും സമൂഹത്തിൽ നിന്നുള്ള അവഗണനയുമായി ബന്ധപ്പെട്ടും നിരവധി ആത്മഹത്യകൾ ഉണ്ടാകുന്നുണ്ട്. ആയത് പരിഹരിക്കുന്നതിലേക്കായി മാനസിക വിദഗ്ധർ, മെഡിക്കൽ ഡോക്ടർമാർ, നിയമ വിദഗ്ധർ, പോലീസ് ഓഫീസേഴ്സ് തുടങ്ങിയവരെ പങ്കെടുപ്പിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ